കേരളകൗമുദി

30 November 2017

## കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം:

# വിന്റർ സ്കൂൾ നാളെ മുതൽ

കൊച്ചി: കേന്ദ്രസമുദ്രമത്സ്യഗവേഷണസ്ഥാപനം നടത്തുന്ന വിന്റർസ്കൂൾ നാളെ (വെള്ളി) തുടങ്ങും. ഉപഗ്രഹ സാങ്കേതികവിദ്യ മത്സ്യമേഖലയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂൾ സംഘടിപ്പിക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അദ്ധ്യാപകരുമായ 25 പേർക്കാണ് പരിശീലനം നൽകുന്നത്.

ഉപഗ്രഹങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തി മത്സ്യമേഖലയിൽ വൻ മുന്നേറ്റം സൃഷ്ടിക്കാനുള്ള സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് വിന്റർ സ്കൂൾ നടത്തുന്നത്. ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സാമ്പത്തിക സഹായത്തോടെയാണ് പരിപാടി. ഉപഗ്രഹ-റിമോട്ട് സെൻസിംഗ് വിവരങ്ങൾ മത്സ്യമേഖലയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് വിന്റർ സ്കൂളിൽ പ്രായോഗിക പരിശീലനം നൽകും.

പരിസ്ഥിതിക്ക് പ്രാധാന്യം നൽകി സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ യുവ ഗവേഷകരെ പരിചയപ്പെടുത്തും. മറൈൻ ഒപ്റ്റിക്സ്, വിവിധ പരിസ്ഥിതി സൗഹൃദ മോഡലിംഗുകൾ തുടങ്ങിയ മേഖലകളിലും പരിശീലനം നൽകും.

ഐ.എസ്.ആർ.ഒയിലെ വിദഗ്ദ്ധർ, സമുദ്ര ശാസ്ത്രജ്ഞർ തുടങ്ങിയവർ നേതൃത്വം നൽകും.